പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1030

03.12.2014-ലെ മറുപടിയ്ക്ക്

**കക്കയം - പെരുവണ്ണാമൂഴി ടൂറിസം വികസന പദ്ധതി**

ചോദ്യം
ശ്രീ.പുരുഷൻ കടലുണ്ടി

ഉത്തരം
**ശ്രീ.എ.പി.അനിൽകുമാർ**
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) കോഴിക്കോട് ജില്ലയിലെ കക്കയം - പെരുവണ്ണാമൂഴി ടൂറിസം വികസന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം ലാപ്സായി പ്പോവുകയുണ്ടായിട്ടുണ്ടോ;

(ബി) ടൂറിസം വകുപ്പ് നൽകിയ ഭരണാനുമതിയിലൂടെ പദ്ധതി പ്രവർത്തനം ഏറ്റെടുത്ത ഇറിഗേഷൻ വകുപ്പ്, പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു;

(സി) പദ്ധതി നിർവ്വഹണം യഥാസമയം നടത്തുന്നതിൽ ഇറിഗേഷൻ വകുപ്പിന് വീഴ്ച ഉണ്ടായിട്ടുണ്ടോ; ഇതുമൂലം കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം തിരിച്ച് നൽകേണ്ടതായി വന്നിട്ടുണ്ടോ; ടൂറിസം പദ്ധതിക്ക് അനുവദിച്ച തുക എത്രയായിരുന്നു; തിരിച്ച് നൽകേണ്ടിവന്നത് എത്ര;

(ഡി) ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെയും

**(എ)യും (ബി) യും (സി) യും (ഡി) യും**

കോഴിക്കോട് ജില്ലയിലെ കക്കയം - പെരുവണ്ണാമൂഴി ടൂറിസം വികസന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് 4 കോടി രൂപ അനുവദിച്ചിരുന്നു.

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഇറിഗേഷൻ വകുപ്പ് പ്രസ്തുത പദ്ധതിയിൽപ്പെട്ട ചിൽഡ്രൻസ് പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കി യെങ്കിലും മറ്റ് ഘടകങ്ങളുടെ ടെണ്ടർ നടപടികളിൽ കാലതാമസം ഉണ്ടാവുക യും ചെയ്തതിനാൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതെ വരികയും കേന്ദ്ര ടൂറിസം വകുപ്പിന്റെ നിർദ്ദേശത്തിന് വിധേയമായി അനുവദിച്ച മുഴുവൻ തുകയായ 4 കോടി രൂപയും തിരിച്ചടക്കുകയും ചെയ്തു.

പ്രസ്തുത പദ്ധതിയുടെ ചില ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തന ങ്ങൾ തുടക്കം കുറിച്ചതായി അറിയിച്ചു കൊണ്ട് പദ്ധതി മുന്നോട്ട് കൊണ്ട് പോകണമെന്ന് ഇറിഗേഷൻ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. അത്

| | |
|---|---|
| കോൺട്രാക്ടറുടെയും വീഴ്ചകൾ മൂലമാണ് പദ്ധതി നഷ്ടപ്പെട്ടത്; അവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | കണക്കിലെടുത്ത് ബാക്കി ജോലികൾക്കായി ഇറിഗേഷൻ വകുപ്പ് സമർപ്പിച്ച 1,91,75,141/- രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ